**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **17-09-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ നിക്ഷേപക ഗ്യാരണ്ടി ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന സഹകരണ നിക്ഷേപക ഗ്യാരണ്ടി ഫണ്ടിൽ നിലവിലുള്ള നീക്കിയിരിപ്പ് എത്ര തുകയാണെന്നും പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നത് ഏത് രീതിയിലാണെന്നും വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ 31.03.2025 തീയതിയിൽ ആകെ 270,92,15,320.01 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത ഫണ്ട് കേരള ബാങ്കിലും, തിരുവനന്തപുരം ജില്ലാ ട്രഷറിയിലുമായി കോർപ്പസ് ഫണ്ടായി സൂക്ഷിച്ചുവരുന്നു. ടി കോർപ്പസ് ഫണ്ട് സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ബോർഡിൽ അംഗത്വം എടുത്ത് പുതുക്കി വരുന്ന സഹകരണ സംഘങ്ങൾ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചാൽ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് പരിരക്ഷ നൽകുന്നതിനാണ് വിനിയോഗിക്കുന്നത്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതൊക്കെ സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് പ്രസ്തുത ഗ്യാരണ്ടി ഫണ്ടിൽ നിന്നും നിക്ഷേപത്തുക തിരികെ നൽകുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | 30.08.2014, 01.09.2014 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നം.റ്റി.777 -ന് 5,25,00,000/-(അഞ്ച് കോടി ഇരുപത്തി അഞ്ച് ലക്ഷം) രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. |
| (സി) | സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്തുന്നതിനായി പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരികെ കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ 5 ലക്ഷം രൂപ വരെ നിക്ഷേപ തുക സഹകരണ ഗ്യാരണ്ടി ഫണ്ടിൽ നിന്നും തിരികെ നൽകുവാൻ സാധിക്കുന്ന രീതിയിൽ ഫണ്ട് വിനിയോഗത്തിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ഒരു സംഘം പ്രവർത്തനം പ്രതിസന്ധിയിലാകുന്ന ഘട്ടത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി ടി സംഘത്തിന് വായ്പയായി തുക അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018 ന്റെ സ്കീമിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ റെഗുലേഷനിലും ഭേദഗതി വരുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ